**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 531** **23-02-2022 - ൽ മറുപടിയ്ക്ക്**

**ഒരു രാജ്യം ഒരു രജിസ്ട്രേഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | **Shri K N Balagopal**<br>**(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കേന്ദ്രബജറ്റിലെ ഒരു രാജ്യം ഒരു രജിസ്ട്രേഷൻ എന്ന പ്രഖ്യാപനം സംസ്ഥാന നികുതി വരുമാനത്തെ ഏത് രീതിയിൽ ബാധിക്കുമെന്ന് വിശദീകരിക്കാമോ; | (എ) | രാജ്യത്തിലുടനീളം ഒരു ഏകീകൃത രജിസ്ട്രേഷൻ സംവിധാനം നടപ്പാക്കുന്നതിലേയ്ക്കും Anywhere രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിലേയ്ക്കും National Generic Document Registration System -ത്തിനെ 'One -Nation One Registration Software' വഴി ലിങ്ക് ചെയ്യുന്നതാണ് എന്നാണ് കേന്ദ്ര ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ളതായി കാണുന്നത്. നിലവിൽ ഓരോ സംസ്ഥാനത്തും ആധാരങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി വ്യത്യസ്തമായ നിരക്കുകളിൽ ആണ് ഈടാക്കുന്നത്. രാജ്യമൊട്ടുക്കും Anywhere രജിസ്ട്രേഷൻ നടപ്പാക്കുകയാണെങ്കിൽ മുദ്രവില നിരക്ക് കുറവുള്ള സംസ്ഥാനത്ത് കൂടുതൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സ്ഥിതി സംജാതമാകുന്നത് വഴി ഉയർന്ന നിരക്ക് ഈടാക്കുന്ന സംസ്ഥാനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിക്കാൻ സാധ്യതയുണ്ട്. ഇത്തരമൊരു സ്ഥിതി വിശേഷം മറികടക്കുന്നതിലേക്കായി രാജ്യം മുഴുവൻ ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നടപ്പാക്കുകയാണെങ്കിൽ ആയത് സംസ്ഥാനങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നിശ്ചയിക്കാനുള്ള അധികാരത്തെ പരിമിതപ്പെടുത്തുന്നതാണ്. കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള നിരക്കുകളേക്കാൾ കുറവായ നിരക്കാണ് അപ്രകാരം നിലവിൽ വരുന്നതെങ്കിൽ, സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ അത് കനത്ത ആഘാതം സൃഷ്ടിക്കും. |
| (ബി) | സംസ്ഥാനത്തിന് സ്റ്റാമ്പ് ഡ്യൂട്ടി നിർണയിക്കാനുള്ള അധികാരം ഇല്ലാതാക്കുന്ന പ്രസ്തുത തീരുമാനത്തിലൂടെ സംസ്ഥാനത്തിന് വരുമാന ശോഷണം സംഭവിക്കുമോയെന്ന് വ്യക്തമാക്കുമോ; | (ബി) | രാജ്യത്തിലുടനീളം ഒരു ഏകീകൃത രജിസ്ട്രേഷൻ സംവിധാനം നടപ്പാക്കുന്നതിലേയ്ക്കും Anywhere രജിസ്ട്രേഷൻ നടപ്പിലാക്കുന്നതിലേയ്ക്കും National Generic Document Registration System -ത്തിനെ 'One -Nation One Registration Software' വഴി ലിങ്ക് ചെയ്യുന്നതാണ് എന്നാണ് കേന്ദ്ര ബജറ്റിൽ |

| | | | |
|---|---|---|---|
| | | | പ്രഖ്യാപിച്ചിട്ടുള്ളതായി കാണുന്നത്. നിലവിൽ ഓരോ സംസ്ഥാനത്തും ആധാരങ്ങൾക്കുള്ള സ്റ്റാമ്പ് ഡ്യൂട്ടി വ്യത്യസ്തമായ നിരക്കുകളിൽ ആണ് ഈടാക്കുന്നത്. രാജ്യമൊട്ടുക്കും Anywhere രജിസ്ട്രേഷൻ നടപ്പാക്കുകയാണെങ്കിൽ മുദ്രവില നിരക്ക് കുറവുള്ള സംസ്ഥാനത്ത് കൂടുതൽ ആധാരങ്ങൾ രജിസ്റ്റർ ചെയ്യുന്ന സ്ഥിതി സംജാതമാകുന്നത് വഴി ഉയർന്ന നിരക്ക് ഈടാക്കുന്ന സംസ്ഥാനങ്ങളുടെ വരുമാനത്തിൽ ഗണ്യമായ ഇടിവ് സംഭവിക്കാൻ സാധ്യതയുണ്ട്. ഇത്തരമൊരു സ്ഥിതി വിശേഷം മറികടക്കുന്നതിലേക്കായി രാജ്യം മുഴവൻ ഏകീകൃത സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നടപ്പാക്കുകയാണെങ്കിൽ ആയത് സംസ്ഥാനങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്ക് നിശ്ചയിക്കാനുള്ള അധികാരത്തെ പരിമിതപ്പെടുത്തുന്നതാണ്. കൂടാതെ സംസ്ഥാനത്ത് നിലവിലുള്ള നിരക്കുകളേക്കാൾ കുറവായ നിരക്കാണ് അപ്രകാരം നിലവിൽ വരുന്നതെങ്കിൽ, സംസ്ഥാനത്തിന്റെ റവന്യൂ വരുമാനത്തിൽ അത് കനത്ത ആഘാതം സൃഷ്ടിക്കും. |
| (സി) | പ്രസ്തുത തീരുമാനം സംസ്ഥാനത്തിന്റെ വരുമാന സ്രോതസ്സുകളിൽ എത്രമാത്രം ആഘാതം ഉണ്ടാക്കുമെന്ന് പഠനം നടത്തിയിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ